Kerala Election Watch

# കേരള സർവ്വേ റിപ്പോർട്ട് - 2018

*(സർക്കാരിന്റെ പ്രവർത്തനവും ഭരണവും സംബന്ധിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കി വോട്ടർമാരുടെ മുൻഗണനാക്രമവും താല്പര്യങ്ങളും വിശകലനം ചെയ്യുന്ന ഒരു ലഘു വിവരണം)*

## എ.ഡി.ആർ തയ്യാറാക്കിയ റിപ്പോർട്ട്

**അസ്സോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ്**
**(Association for Democratic Reforms)**
T-95, C.L. House, 2nd Floor,
Gulmohar Commercial Complex Gautam Nagar,
New Delhi-110049
Phone: +91-011-41654200
Fax: +91-11-46094248

# ആമുഖം & വിവരശേഖരണ രീതി

അസ്സോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസും ആർ.എ അസ്റ്റേറിസ്ക് കമ്പ്യൂട്ടർ & ഡാറ്റാ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (ആർ.എ.സി.സി)യും സംയുക്തമായി നടത്തിയ ഈ സർവ്വേ ഒരുപക്ഷേ ലോകത്തെ ഏതു രാജ്യത്ത് നടന്നിട്ടുള്ളതിലും വലിയ ഒരു വോട്ടർ സർവ്വേയാണ്. അഖിലേന്ത്യാ തലത്തിൽ നടത്തിയ ഈ സർവ്വേ രാജ്യത്തെ 534 ലോക്സഭാ മണ്ഡലങ്ങളിലെ 2,73,487 വോട്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ടും വിവിധ ജനവിഭാഗങ്ങളെ പങ്കാളികളാക്കിക്കൊണ്ടുമുള്ള ഒന്നാണ്. താഴെപ്പറയുന്ന പ്രധാന കാര്യങ്ങൾ കണ്ടെത്തുക എന്നതായിരുന്നു സർവ്വേയിലൂടെ ഉദ്ദേശിച്ചിട്ടുള്ള മൂന്ന് ലക്ഷ്യങ്ങൾ.

1. സർക്കാരിന്റെ ഭരണപരമായ ചില വിഷയങ്ങളിൽ ഊന്നൽ നൽകിയും അവയിൽ വോട്ടർമാരുടെ മുൻഗണന എന്തിനായിരിക്കും എന്നത്.
2. ഇത്തരം പ്രശ്നങ്ങളിൽ സർക്കാരിന്റെ പ്രവർത്തനത്തെ വോട്ടർമാർ എങ്ങനെ വിലയിരുത്തുന്നു എന്നത്.
3. അത്തരം വിഷയങ്ങളിൽ അവരുടെ വോട്ടിംഗ് രീതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ് എന്നത്.

2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പായി 2018 ഒക്ടോബറിനും ഡിസംബറിനുമിടയിലാണ് ഈ സർവ്വേ സംഘടിപ്പിച്ചത്.

കേരളത്തിലെ സർക്കാരിന്റെ ഭരണത്തെ സംബന്ധിച്ച പത്ത് പ്രധാന വിഷയങ്ങളിൽ വോട്ടർമാരുടെ വിലയിരുത്തൽ എങ്ങനെയായിരുന്നു എന്നത് വിശകലനം ചെയ്യുന്നതാണ് ഈ റിപ്പോർട്ട്. സർക്കാരിന്റെ ഭരണത്തെ വിലയിരുത്തി വോട്ടർമാർ നൽകിയ മുൻഗണനകളെ വീണ്ടും വിലയിരുത്തുന്ന ചില പ്രതികരണങ്ങൾ കൂടി ഉൾക്കൊള്ളിച്ച് അവ നിരീക്ഷണവിധേയമാക്കിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ സർവ്വേ റിപ്പോർട്ട്. കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങളിൽ നിന്നുമായി പതിനായിരത്തിൽപ്പരം പേരുടെ ഇത്തരം പ്രതികരണങ്ങൾ കൂടി ഈ സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്നും വോട്ടർമാർ പ്രതീക്ഷിക്കുന്നത് എന്തെന്നും അത്തരത്തിലുള്ള സർക്കാർ നടപടികളെ വോട്ടർമാർ എങ്ങനെ വിലയിരുത്തുന്നു എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇത്തരത്തിലുള്ള വോട്ടർ കാഴ്ച പ്പാടുകൾ പ്രസിദ്ധീകരിക്കുന്നതിന്റെ മുഖ്യലക്ഷ്യം. സമകാലിക കാലഘട്ടത്തിൽ നട ത്തിയ ഗവേഷകാടിസ്ഥാന തെളിവെടുപ്പും അതിൻമേൽ ഉണ്ടായ സർക്കാർ നടപ ടിയും തമ്മിലുള്ള അന്തരം നികത്തുക എന്നതുംകൂടി ഈ സർവ്വേയുടെ മറ്റൊരു ലക്ഷ്യമാണ്. അതിലുപരി പല പ്രമുഖ വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും ആശയ ങ്ങളും ഞങ്ങൾ ഈ സർവ്വേയുടെ പൂർത്തീകരണത്തിനായി ആശ്രയിച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രാധന്യത്തോടെ വോട്ടർ മുൻഗണനകൾ പ്രതിഫലിപ്പിക്കുക എന്നതിനും ഞങ്ങൾ ഈ സർവ്വേയിൽ മതിയായ ഊന്നൽ നൽകിയിട്ടുണ്ട്. ഇത്തരം വോട്ടർ മുൻഗണനകളും വിലയിരുത്തലുകളും കാലം മാറുമ്പോൾ മാറിക്കൊണ്ടി രിക്കും എന്നതിനാൽ ഇത്തരം സർവ്വേകൾ വീണ്ടും ഒരു നിശ്ചിത സമയക്രമത്തിൽ ആവർത്തിക്കപ്പെടേണ്ടതായും ഉണ്ട് എന്ന് ഞങ്ങൾ കരുതുന്നു.

## ഗവേഷണ രൂപകല്പന

വിവിധ ജനവിഭാഗങ്ങളുടെ പ്രാധിനിത്യ സ്വഭാവം ഉൾക്കൊള്ളുന്ന 18 ഇന ജനസമൂഹങ്ങളെ തെരഞ്ഞെടുത്ത് നടത്തിയ ഈ സർവ്വേയിൽ ഗ്രാമീണ, നാഗരി ക, ലിംഗ-ജാതി-മത, സാമ്പത്തിക പരിഗണനയിൽ തരംതിരിച്ച് പ്രത്യേക ജനവിഭാഗ ങ്ങളാക്കി പ്രാധിനിത്യം ഉറപ്പാക്കിയിട്ടുണ്ട്. ഇത്തരം സാമ്പിളുകൾ ഈ വിഭാഗങ്ങ ളുടെ പൂർണ്ണമായ പ്രാധിനിത്യം ഉറപ്പാക്കുന്ന വിധവും അതോടൊപ്പം നിക്ഷിപ്ത താത്പര്യങ്ങൾക്ക് അതീതമാക്കി മാറ്റുന്നതിനും ശ്രമിച്ചിട്ടുമുണ്ട്. 95 ശതമാനം കൃത്യത അവകാശപ്പെടാവുന്ന ഈ സർവ്വേ പ്രവചനങ്ങൾക്ക് യാഥാർത്ഥ്യത്തിൽ നിന്നും അഞ്ച് ശതമാനം കൃത്യതാ അകലവും ഉണ്ടാകാം.

## മുഖ്യ കണ്ടെത്തലുകൾ

- കേരളാ സർവ്വേ 2018 പ്രധാനമായും കേരളം ഒട്ടാകെയുള്ള വോട്ടർമാരെ വില യിരുത്തുന്നതിലും അവരുടെ പ്രാഥമിക പരിഗണനക്ക് വിധേയമായ വിഷയ ങ്ങളായി കണ്ടെത്തിയവയും ഇപ്രകാരമാണ്. മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യത


(47.42%), മെച്ചപ്പെട്ട ആശുപത്രി/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (45.24%), കുടിവെള്ള ലഭ്യത (44.77%).

- മേൽപ്പറഞ്ഞ പ്രധാന മൂന്ന് വോട്ടർ പരിഗണനകളിൽ സർക്കാരിന്റെ പ്രകടനം സർവ്വേ പ്രകാരം ഇപ്രകാരമാണ്. മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതയിൽ 5 മാർക്ക് അടിസ്ഥാനമാക്കിയാൽ (1.95) ഉം മെച്ചപ്പെട്ട ആശുപത്രി/പ്രാഥമികാ രോഗ്യ കേന്ദ്രങ്ങൾ എന്ന വിഷയത്തിൽ അഞ്ച് മാർക്കിൽ (2.02) ഉം കുടിവെള്ള ലഭ്യതയിൽ അഞ്ച് മാർക്കിൽ (1.99) ഉം എന്ന വിധത്തിൽ ശരാശ രിയിൽ താഴ്ന്ന നിലവാരമാണ് സർവ്വേയിൽ രേഖപ്പെടുത്തിക്കാണുന്നത്.
- കേരളത്തിലെ ഗ്രാമീണ വോട്ടർമാരുടെ മുൻഗണനാക്രമത്തിൽ പ്രധാന വിഷ യങ്ങളായി കണക്കാക്കപ്പെട്ടവ ഇപ്രകാരമാണ്. മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യത (49%), മെച്ചപ്പെട്ട ആശുപത്രി/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (49%), കുടിവെള്ള ലഭ്യത (40%).
- ഗ്രാമീണ വോട്ടർമാർ മുൻഗണന നൽകിയിട്ടുള്ള ഇത്തരം വിഷയങ്ങളിൽ സർക്കാർ പ്രകടനം വിലയിരുത്തപ്പെട്ടത് ഇപ്രകാരമാണ്. മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതയ്ക്ക് അഞ്ച് മാർക്കിൽ (1.93) ഉം മെച്ചപ്പെട്ട ആശുപത്രി/പ്രാഥമികാ രോഗ്യ കേന്ദ്രങ്ങൾ എന്ന വിഷയത്തിൽ അഞ്ച് മാർക്കിൽ (2.07) ഉം കുടി വെള്ള ലഭ്യതയിൽ അഞ്ച് മാർക്കിൽ (2.10) ഉം എന്ന വിധത്തിൽ ശരാശരി യിൽ താഴ്ന്ന നിലവാരമാണ് സർവ്വേയിൽ രേഖപ്പെടുത്തിക്കാണുന്നത്.
- ഇതിനു പുറമെ ഗ്രാമീണ മേഖലയിൽ നിലവാരമുള്ള റോഡുകൾക്ക് (1.96), നിലവാരമുള്ള പൊതുഗതാഗത സൗകര്യത്തിന് (2.09) എന്നിങ്ങനെ മോശ മായ വിധത്തിലുള്ള പ്രകടനമാണ് സർക്കാർ കാഴ്ചവച്ചതെന്നും സർവ്വേ ചൂണ്ടിക്കാട്ടുന്നു.
- കേരളത്തിലെ നഗര വോട്ടർമാരിൽ കുടിവെള്ള ലഭ്യതയ്ക്ക് (48%), മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതയ്ക്ക് (46%), മച്ചപ്പെട്ട ആശുപത്രി/പ്രാഥമികാരോഗ്യ കേന്ദ്ര ങ്ങൾക്ക് (45%) എന്നവിധത്തിൽ വോട്ടർമാർ മൂന്ന് പ്രഥമ പരിഗണനകൾ നൽകുന്നു.
- നഗര വോട്ടർമാരുടെ പ്രഥമ പരിഗണനകൾക്ക് സർക്കാർ പ്രകടനം വിലയിരു ത്തപ്പെട്ടത് ഇപ്രകാരമാണ്. കുടിവെള്ള ലഭ്യതയ്ക്ക് അഞ്ച് മാർക്കിൽ (1.93) ഉം മെച്ചപ്പെട്ട തൊഴിൽ സാദ്ധ്യതയ്ക്ക് (1.96) ഉം മെച്ചപ്പെട്ട ആശുപത്രി/പ്രാഥ


മികാരോഗ്യ കേന്ദ്രങ്ങൾക്ക് (1.99) എന്ന ശരാശരിയിൽ താഴ്ന്ന നിലവാരമാണ് കാണിച്ചിട്ടുള്ളത്.

- ഇതിനു പുറമെ മെച്ചപ്പെട്ട പൊതുഗതാഗത സൗകര്യത്തിന് നഗരമേഖല (1.93) ഉം വായു-ജല മലിനീകരണ നിയന്ത്രണം എന്ന വിഷയത്തിൽ (1.94) ഉം എന്ന താഴ്ന്ന നിലയിലുള്ള സർക്കാർ പ്രകടനമാണ് ഉണ്ടായതെന്നും കാണുന്നു.

## I. കേരള സർക്കാരിനു മുമ്പാകെയുള്ള വോട്ടർമാരുടെ മൂന്ന് പ്രഥമ മുൻഗണനാ പരിഗണന വിഷയങ്ങളും അതിന്മേലുള്ള സർക്കാരിന്റെ പ്രകടനവും - (കേരളം ഒട്ടാകെയും ഗ്രാമീണ നഗര മേഖലകളിലും).





Graph 1: Kerala - Top 3 overall Voters' Priorities and Government's Performance Ranking





Graph 2: Kerala - Rural & Urban Breakup of Voters' Priorities and Government's Performance

## II. കേരള സർക്കാരിനു മുമ്പാകെയുള്ള ഗ്രാമീണ വോട്ടർമാരുടെ പ്രഥമ മുൻഗണനാ പരിഗണന വിഷയങ്ങളും അതിന്മേലുള്ള സർക്കാരിന്റെ പ്രകടനവും.





Graph 3: Rural Voters' Priorities in Kerala





Graph 4: Performance of Government on Rural Voters' Priorities in Kerala

## III. കേരള സർക്കാരിനു മുമ്പാകെയുള്ള നഗര വോട്ടർമാരുടെ പ്രഥമ മുൻഗണനാ പരിഗണന വിഷയങ്ങളും അതിന്മേലുള്ള സർക്കാരിന്റെ പ്രകടനവും.




Graph 5: Urban Voters' Priorities in Kerala




Graph 6: Performance of the Government on Urban Voters' Priorities in Kerala

## വോട്ടർമാരുടെ വോട്ടിംഗ് സ്വഭാവം / പ്രതികരണ രീതി

വോട്ടിംഗ് സ്വഭാവം / പ്രതികരണ രീതി വിലയിരുത്തുന്ന പ്രധാന ഘടകങ്ങളെ താഴെപ്പറയും വിധം സർവ്വേ ക്രമപ്പെടുത്തിയിരിക്കുന്നു.

1. വോട്ടിംഗ് സ്വഭാവത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ.
2. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികളെ കുറിച്ചുള്ള അഭിപ്രായം.
3. കുറ്റകൃത്യങ്ങൾ, പണം എന്നിവ സൃഷ്ടിക്കുന്ന സ്വാധീനത്തെയും പങ്കിനെയും കുറിച്ചുള്ള വോട്ടർ ബോധ്യം.

**വോട്ടിംഗ് സ്വഭാവത്തെ സ്വാധീനിക്കുന്നതായി കണ്ടെത്തിയ ഘടകങ്ങളെക്കുറിച്ച് വോട്ടർമാരോട് ഉന്നയിച്ച ചോദ്യങ്ങൾ.**

1. "ഒരു സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്?"

2. “ഒരു തെരഞ്ഞെടുപ്പിൽ ഏത് സ്ഥാനാർത്ഥിക്ക് വോട്ടുചെയ്യണം എന്ന് നിശ്ച യിക്കുന്നതിന് ആരുടെ അഭിപ്രായത്തിനാണ് മുൻഗണന നൽകുന്നത് ? ”

**ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പിൽ മത്സരിക്കു ന്നതിനെക്കുറിച്ച് വോട്ടർമാരുടെ പൊതുവായ അഭിപ്രായം അറിയുന്നതിനു വേണ്ടി സർവ്വേ രണ്ട് ചോദ്യങ്ങളാണ് ഉന്നയിച്ചത്.**

1. “ക്രിമിനൽ കേസുകളിൽ പ്രതിയായവർ ആരെങ്കിലും അസംബ്ലിയിലോ പാർലമെന്റിലോ പ്രതിനിധീകരിക്കുന്നുണ്ടോ ? ”
2. “ക്രിമിനൽ പശ്ചാത്തലമുള്ളവർക്ക് എന്തുകൊണ്ട് ജനം വോട്ടുചെയ്യുന്നു ? ”

**ക്രിമിനൽ പശ്ചാത്തലം, പണത്തിന്റെ സ്വാധീനം എന്നിവയെക്കുറിച്ചുള്ള വോട്ടർമാരുടെ ബോധ്യം അളക്കുന്നതിനായി താഴെപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു.**

1. “പണം / സാധനങ്ങൾ / പാരിതോഷികം എന്നിവ വിതരണം ചെയ്യുന്നത് നിയമപരമായി തെറ്റാണ് എന്നുള്ളത് താങ്കൾക്ക് അറിയാമോ ? ”
2. “കഴിഞ്ഞ തെരഞ്ഞെടുപ്പിൽ താങ്കളുടെ നിയോജകമണ്ഡലത്തിൽ പണം / സാധനങ്ങൾ / പാരിതോഷികം എന്നിവ വിതരണം ചെയ്ത സംഭവത്തെക്കു റിച്ച് താങ്കൾക്ക് അറിവുണ്ടോ ? ”
3. “താങ്കൾക്ക് സ്ഥാനാർത്ഥിയുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിവര ങ്ങൾ ലഭിക്കുവാൻ കഴിയും എന്ന വസ്തുതയെക്കുറിച്ച് അറിവുണ്ടോ ? ”


## കേരളത്തിലെ വോട്ടിംഗ് സ്വഭാവം വെളിപ്പെടുത്തുന്ന പൊതു നിഗ മനങ്ങൾ

- കേരളാ സർവ്വേ 2018 പ്രകാരം പങ്കെടുത്തവരിൽ ഏറിയപങ്ക് വോട്ടർമാരും അഭിപ്രായപ്പെട്ടത് വോട്ടെടുപ്പിൽ ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ടുചെ യ്യുന്നതിനുള്ള മുഖ്യ ഘടകം ആ സ്ഥാനാർത്ഥി തന്നെയാണ് എന്നതാണ്. (പ്ര ധാനം എന്ന് 46% പേർ) അതിപ്രധാനം എന്ന് (37% പേർ) ഇതിനോടൊപ്പം സ്ഥാനാർത്ഥിയുടെ പാർട്ടിക്ക് പ്രാധാന്യം നൽകുന്നവർ (40% പേരും) വളരെ യധികം പ്രാധാന്യം നൽകുന്നവർ (48%) പേരുമാണ്. മുഖ്യമന്ത്രി


സ്ഥാനാർത്ഥിക്കും പാർട്ടി ഏതെന്നതിന് (37%) പേർ പ്രാധാന്യം നൽകുമ്പോൾ (39%) പേർ അതിപ്രാധാന്യം നൽകുന്നു.

- ഒരു സ്ഥാനാർത്ഥിക്ക് വോട്ട് നൽകുന്നതിനുള്ള ഘടകമായി 12% വോട്ടർമാർ മദ്യം, പണം, പാരിതോഷികം എന്നിവ വിതരണം ചെയ്യുന്നതിനെ കാണുന്നു. ഇതിൽ 6% വോട്ടർമാർ പ്രാധാന്യം നൽകുമ്പോൾ മറ്റൊരു 6% അതിപ്രാധാന്യം നൽകുന്നു.
- കേരളാ വോട്ടർമാരിൽ 84% പേരും സ്വന്തം അഭിപ്രായം മുൻനിർത്തിയാണ് ഒരു സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യുന്നത് എന്നുപറഞ്ഞപ്പോൾ 7% പേർ ജീവിതപങ്കാളി പറയുന്നതിനും 6% കുടുംബം പറയുന്നതിനും മുന്തിയ പരിഗണന നൽകുന്നു.
- ഒരു വലിയ വിഭാഗം വോട്ടർമാർ (79%) വോട്ടിനായി പണം, പാരിതോഷികം, എന്നിവ നൽകുന്നത് കുറ്റകരമാണെന്ന് അറിവുള്ളവരാണ്.
- 27% വോട്ടർമാർക്ക് വോട്ടിനുവേണ്ടി പ്രതിഫലമായി മദ്യം, പണം, പാരിതോഷികം എന്നിവ നൽകുന്നതിനെക്കുറിച്ച് അറിവുള്ളവരാണ്.
- 98% പേരും അഭിപ്രായപ്പെട്ടത് ക്രിമിനൽ പശ്ചാത്തലമുള്ളവർ പാർലമെന്റിലും അസംബ്ലിയിലും എത്തിപ്പെടരുത് എന്നതാണ്.
- 41% വോട്ടർമാർക്കു മാത്രമെ സ്ഥാനാർത്ഥിയുടെ ക്രിമിനൽ കേസിന്റെ വിവരങ്ങൾ ലഭിക്കും എന്ന് അറിവുള്ളൂ.
- 36% വോട്ടർമാർ ബോധിപ്പിച്ചത് ക്രിമിനൽ പശ്ചാത്തലമുള്ളവർക്ക് ജനം വോട്ട് ചെയ്യുന്നത് ആ സ്ഥാനാർത്ഥികൾ മറ്റു വിധത്തിൽ നല്ലകാര്യങ്ങൾ ചെയ്യുന്നതിനാലാണ് എന്നാണ്.
- 36% ജനം ബോധിപ്പിച്ചത് ക്രിമിനൽ സ്ഥാനാർത്ഥികൾക്ക് വോട്ടർമാർ വോട്ട് നൽകുന്നതിനു കാരണം അവർക്ക് സ്ഥാനാർത്ഥിയുടെ ക്രിമിനൽ റിക്കാർഡിനെക്കുറിച്ച് അറിവില്ലാത്തവരായതുകൊണ്ടാണ്.
- 36% വോട്ടർമാർ ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള മുഖ്യകാരണം ജാതി/മതം എന്നീ ഘടകങ്ങൾ മൂലമാണെന്നും വെളിപ്പെടുത്തുന്നു.
- ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാനുള്ള കാരണമായി 35% പേർ പറയുന്നത് സ്ഥാനാർത്ഥിയുടെ ക്രിമിനൽ കേസുകൾ അത്ര


ഗുരുതര സ്വഭാവമുള്ളവയല്ലെന്നതിനാലണ് എന്നും 34% പേർ സ്ഥാനാർത്ഥി വളരെ ശക്തനായതിനാലാണെന്നും മറ്റൊരു 34% പേർ ആ സ്ഥാനാർത്ഥി തെരഞ്ഞെടുപ്പിൽ കൈയ്യയച്ച് വൻതുക ചെലവഴിക്കുന്നതിനാലാണ് എന്നുമാണ്.





Graph 7: Factors Influencing Voting Behaviour




Graph 8: In an election, whose opinion mattered the most while deciding which candidate to vote




Graph 9: Voter Awareness regarding the Role of Crime and Money in Elections





Graph 10: Voters' Opinion regarding Criminal Candidates Contesting in Elections

**സർവ്വേയിൽ പങ്കെടുത്ത വോട്ടർമാരുടെ ജനവാസകേന്ദ്രം, ലിംഗ/ജാതി ഭേദങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ**

- 37% പേർ ഗ്രാമവാസികളും
- 63% പേർ നഗരവാസികളും
- 53% പേർ പുരുഷന്മാരും
- 47% പേർ സ്ത്രീകളും
- 89% പൊതുവിഭാഗം
- 8% പട്ടികജാതി വിഭാഗം
- 2% ഒ.ബി.സി
- 1% ഷെഡ്യൂൾഡ് ട്രൈബ്

**സർവ്വേയിൽ പങ്കെടുത്ത് പ്രതികരിച്ച മറ്റ് വിഭാഗങ്ങളുടെ വിശദവിവരങ്ങൾ താഴെ കാണുന്ന ഗ്രാഫ് നിരീക്ഷിച്ചാൽ ബോധ്യമാകുന്നതാണ്.**




Graph 11: Voters' Demographic Details

## ഉപസംഹാരം

2018ലെ കേരള സർവ്വേ റിപ്പോർട്ട് പ്രകാരം സൂചിപ്പിക്കുന്നത് കേരള സർക്കാർ വോട്ടർമാരുടെ മുൻഗണനാ പരിഗണനകൾ (വോട്ടർമാർ വിലയിരുത്തിയ പ്രധാന പത്ത് ഭരണപരമായ വിഷയങ്ങളും) തള്ളിക്കളഞ്ഞു എന്നതാണ്. സർവ്വേയിലെ വോട്ടർമാരുടെ വിലയിരുത്തലിൽ നിന്നും അതിനാൽ കേരള സർക്കാർ മോശമായ പ്രവർത്തനമാണ് കാഴ്ചവച്ചത് എന്ന് വ്യക്തമാകുന്നു. മേൽപ്പറഞ്ഞ വോട്ടർമാരുടെ പരിഗണനാരീതി വിശകലനം ചെയ്യുമ്പോൾ ഭാവിയിൽ കേരള സർക്കാരും നിയമ സഭാ സാമാജികരും ചില അതിപ്രധാന ചോദ്യങ്ങളെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്.

- സാമൂഹ്യക്ഷേമത്തിനായി വിനിയോഗിക്കേണ്ടതും വിവിധ തുറകളെ ബാധിക്കുന്നതുമായ പൊതുനയങ്ങൾ പ്രാവർത്തികമാക്കുമ്പോൾ സമൂഹത്തിലെ ചില പ്രത്യേക വിഭാഗങ്ങൾക്കു മാത്രമായി പരിമിതപ്പെട്ടുപോകുന്നുവോ ? (പ്രത്യേകിച്ച് സാമൂഹിക-സാമ്പത്തിക വികസനം, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ).
- ബഡ്ജറ്റിലെ പദ്ധതിവിഹിതം വോട്ടർ മുൻഗണനാക്രമം അനുസരിച്ച് പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവരുന്നുണ്ടോ ?
- രാഷ്ട്രീയ പാർട്ടികൾ അവരുടെ മാനിഫെസ്റ്റോയിലൂടെ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി കൂടുതൽ ഉത്തരവാദിത്വമുള്ളവരാകാൻ എങ്ങനെ സാധിക്കും ?
- സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്ക് തൊഴിൽ, മികച്ച ആരോഗ്യസംരക്ഷണം, കുടിവെള്ളം എന്നിവ വിതരണം ചെയ്യുവാൻ ഏതുതരം പദ്ധതിമാറ്റം അനിവാര്യമാണ്.

ഒരിക്കൽ ഒരു രാഷ്ട്രീയക്കാരൻ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ വോട്ടർമാർക്ക് അയാളെ ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന സത്യം നില

നിൽക്കുന്നതിനാൽ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാനാർത്ഥിയുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് പലപ്പോഴും അവരുടെ രാഷ്ട്രീയ പാർട്ടികളാണ്. ആയതിനാൽ വോട്ടർമാർക്ക് മെച്ചപ്പെട്ട രാഷ്ട്രീയക്കാരെ അവരുടെ ജനപ്രതിനിധിയായി തെരഞ്ഞെടുക്കാൻ കഴിയുമാറാകട്ടെ എന്നും പ്രത്യാശിക്കുന്നു. വോട്ടർമാരുടെ വിലയിരുത്തൽ ഇതിന് സഹായകമാകമാണെന്നതും സർവ്വേയിലെ കണ്ടെത്തലുകൾ അർത്ഥവത്താകുംവിധം വോട്ടർമാർ എങ്ങനെ സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നു എന്നതുമാണ് പ്രധാനം.

# DISCLAIMER

This survey was conducted to ascertain the most pressing governance issues that voters of India perceive to be affecting their daily lives and also to investigate whether the voters are happy with their respective governments with regard to the addressing of those issues.

The survey was conducted using sound scientific techniques and the consequent findings and reports were prepared using recognized data analysis techniques. The inferences drawn in this report are based on the responses provided by the Indian voters.

This survey is a systematic and scientific attempt to study the gap between governance-demands of the voters of India and the delivery of the respective governments as perceived by the Indian voters. This survey is in no way an attempt to appreciate or denigrate any government(s) or political party or individual or any other organization or institution.

Every effort has been made by ADR to ensure the accuracy and reliability of the data contained in this report.

Anyone using or quoting from this report should acknowledge the source as 'Kerala Survey Report - 2018'.

## To Get Information About Candidates/Parties/MPs/MLAs/ Corporators/PILs in courts

Give us missed call on: **08010445555**

Toll Free Helpline No: **1800-110-440**

Journalist Helpline no: **8010394248**

Subscribe to ADR on WhatsApp for updates: 7840067840

Visit: **www.myneta.info**

Email: **adr@adrindia.org**

Send SMS: **Myneta <pincode or constituency> to 56070 or 9212356070**

To contact ADR State Partners, visit:
**https://adrindia.org/about-adr/state-coordinators**

## Social Media

/myneta.info /adrindia.org @adrspeaks /adrspeaks /adrspeaks

https://in.linkedin.com/company/association-of-democratic-reforms-adr-

## Our Websites

**www.adrindia.org**

Provides detailed analytical reports of Lok Sabha, State Assemblies, local body elections & financial reports of political parties & ongoing PILs in courts

**www.myneta.info**

Provides full information of criminal cases, asset, liability and education details declared by candidates in the self sworn affidavits

## Android Apps

**Myneta:** The criminal, financial, educational & other background information self declared by candidates in their affidavits during elections is now available on your mobile phones.

**Election Watch Reporter:** This app provides a tool to the citizens to capture violations of election related laws & the code of conduct. Both the applications are available on Google Play Store.